# പതിനാലാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ - 2970 10.05.2017 ൽ മറുപടിയ്ക്കുണ്ടായിരുന്നത്

## സ്കൂൾ കുട്ടികൾക്ക് നേരെയുണ്ടായ ലൈംഗിക അതിക്രമ കേസ്സുകൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.ടി. വി. ഇബ്രാഹിം | ശ്രീ.പിണറായി വിജയൻ (മുഖ്യമന്ത്രി) |

(എ) ഈ സർക്കാരിന്റെ കാലയളവിൽ സ്കൂൾ കുട്ടികൾക്ക് നേരെയുണ്ടായ ലൈംഗിക അതിക്രമ കേസ്സുകളുടെ എണ്ണം വ്യക്തമാക്കുമോ;

(എ) ഈ സർക്കാരിന്റെ കാലയളവിൽ (25/05/2016 മുതൽ 30/04/2017 വരെ) സ്കൂൾ കുട്ടികൾക്ക് നേരെയുണ്ടായ ലൈംഗിക അതിക്രമങ്ങളുമായി ബന്ധപ്പെട്ട് 2083 കേസുകൾ രജിസ്റ്റർ ചെയ്തു.

| Rape | 354 IPC | 509 IPC | 377 IPC | PoCSO (PoCSO Act)-ലെ സെക്ഷനുകൾ മാത്രം ഉൾപ്പെട്ട കേസുകൾ | Others |
|---|---|---|---|---|---|
| 920 | 259 | 17 | 149 | 659 | 79 |

(ബി) ഏതെങ്കിലും കേസ്സുകളിൽ പ്രതികളെ അറസ്റ്റ് ചെയ്യാൻ ബാക്കിയുണ്ടോ;എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ബി) ഉണ്ട്.

(സി) വിദ്യാർത്ഥികൾക്ക് നേരെയുണ്ടാകുന്ന ഇത്തരം അതിക്രമങ്ങൾ തടയുന്നതിന് വേണ്ടി പുതുതായി എന്തെങ്കിലും പരിപാടിയോ പദ്ധതിയോ നടപ്പിലാക്കുന്നുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സ്ത്രീകൾക്കും കുട്ടികൾക്കുമെതിരെയുള്ള അതിക്രമങ്ങൾ തടയുന്നതിന്റെ ഭാഗമായി വിവര സാങ്കേതിക വിദ്യയിലധിഷ്ഠിതമായ പിങ്ക് പോലീസ് കൺട്രോൾ റൂം ആറ് ജില്ലകളിൽ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. രണ്ട് ജില്ലകളിൽ കൂടി കൺട്രോൾ റൂം ഉടനെ ആരംഭിക്കുന്നതാണ്. ഉടനെതന്നെ എല്ലാ ജില്ലകളിലും പിങ്ക് പോലീസ് കൺട്രോൾ റൂം നടപ്പിൽ വരുത്തുന്നതാണ്. കൺട്രോൾ

റൂമുമായി ബന്ധപ്പെടുന്നതിലേയ്ക്ക് 1515 എന്ന ടോൾ ഫ്രീ നമ്പർ പ്രവർത്തനമാരംഭിച്ചിട്ടുണ്ട്. കുട്ടികൾക്കെതിരെ അതിക്രമങ്ങൾ നടത്തുന്നവർക്കെതിരെ POCSO, IPC എന്നീ നിയമങ്ങൾ പ്രകാരം കർശന നടപടികൾ സ്വീകരിച്ചുവരുന്നു.

ഇതിനുപുറമെ സംസ്ഥാനത്ത് തിരുവനന്തപുരം സിറ്റിയിലെ ഫോർട്ട്, കൊല്ലം സിറ്റിയിലെ കൊല്ലം ഈസ്റ്റ്, കൊച്ചി സിറ്റിയിലെ കടവന്ത്ര, തൃശ്ശൂർ സിറ്റിയിലെ തൃശ്ശൂർ ടൗൺ ഈസ്റ്റ്, കോഴിക്കോട് സിറ്റിയിലെ കോഴിക്കോട് ടൗൺ, കണ്ണൂരിലെ കണ്ണൂർ ടൗൺ എന്നീ ആറ് പോലീസ് സ്റ്റേഷനുകൾ ശിശു സൗഹൃദ പോലീസ് സ്റ്റേഷനുകൾ ആക്കി മാറ്റുന്നതിനുവേണ്ടി അഞ്ച് ലക്ഷം രൂപ വീതം അനുവദിച്ച് പ്രവർത്തനങ്ങൾ നടത്തിവരുന്നു.

സെക്ഷൻ ഓഫീസർ.